# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:1038 — 30.11.2018-ലെ മറുപടി

## ഇടക്കൊച്ചി പ്രദേശത്തെ കുടിവെള്ള ക്ഷാമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | | കെ.കൃഷ്ണൻ കുട്ടി (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | തൃപ്പൂണിത്തുറ ഉൾപ്പെടെ ഇടക്കൊച്ചി പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി അരൂർ ഇടക്കൊച്ചി പാലം മുതൽ പാമ്പായിമൂല വരെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി പൂർത്തിയാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; | (എ) | അരൂർ ഇടക്കൊച്ചി പാലം മുതൽ പാമ്പായിമൂലവരെ 2050 മീറ്റർ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി രണ്ട് ഘടകങ്ങളായിട്ടാണ് നടപ്പിലാക്കുന്നത്. ഇതിൽ ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട 1050 മീറ്റർ 450mm DI പൈപ്പ് സ്റ്റേറ്റ് പ്ലാനിൽപ്പെടുത്തി ദർഘാസ് ക്ഷണിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. 600 m 450 mm DI പൈപ്പ് സ്ഥാപിക്കുന്നതിന് ഏപ്രിലിൽ PWD യിൽ നിന്നും അനുമതി ലഭിച്ചുവെങ്കിലും മഴക്കാലത്ത് റോഡ് മുറിക്കുന്നതിനുള്ള നിരോധനം നിലവിൽ വരുന്നതിനു മുൻപ് 165 മീറ്റർ പൈപ്പ് മാത്രമേ സ്ഥാപിക്കാൻ കഴിഞ്ഞുള്ളൂ. ബാക്കി 885 മീറ്റർ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള റോഡ് മുറിക്കുന്നതിനുള്ള അനുമതിയ്ക്കായി മുഴുവൻ തുകയും 07.06.2018-ൽ PWD യിൽ അടച്ചുവെങ്കിലും നാളിതുവരെയായി അനുമതി ലഭിച്ചിട്ടില്ല. അടിയന്തിരമായി 150 മീറ്റർ നീളത്തിൽ റോഡ് മുറിക്കുന്നതിനുള്ള അനുമതി ലഭിക്കുകയാണെങ്കിൽ ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള പൈപ്പുകളും നിലവിലുള്ള വിതരണ ശൃംഖലയുമായി കൂട്ടി യോജിപ്പിച്ച് കുടിവെള്ള വിതരണം നടത്തുവാൻ സാധിക്കും. അങ്ങനെ ഇടക്കൊച്ചിയിൽ അനുഭവപ്പെട്ടുകൊണ്ടി |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | | | രിക്കുന്ന കുടിവെള്ള ക്ഷാമത്തിന് താത്ക്കാലിക പരിഹാരം കാണുവാൻ സാധിക്കും. ഇടക്കൊച്ചി പാലത്തിന്റെ വടക്കേയറ്റം മുതൽ പാമ്പായിമൂലവരെ 2050 മീറ്റർ 450 mm DI പൈപ്പ് സ്ഥാപിക്കുന്നതിൽ അമൃത് പദ്ധതിയിൽ നടപ്പിലാക്കുന്ന 1000 മീറ്റർ 450 mm DI പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിക്ക് ദർഘാസ് ക്ഷണിച്ച് കരാർ ഒപ്പുവച്ചു. പൈപ്പ് സപ്ലൈ പൂർത്തിയായി. എന്നാൽ റോഡ് മുറിക്കുന്നതിനുള്ള അനുമതി പൊതു മരാമത്ത് വകുപ്പിൽ നിന്നും ലഭിക്കാത്തതിനാൽ പ്രവൃത്തി തുടങ്ങുവാൻ സാധിച്ചിട്ടില്ല. |
| (ബി) | പൈപ്പ് ലൈൻ ഇടുന്ന റോഡ് കട്ട് ചെയ്യുവാൻ എത്ര രൂപയുടെ എസ്റ്റിമേറ്റാണ് പി.ഡബ്ല്യു.ഡി. വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുള്ളത്; വാട്ടർ അതോറിറ്റി കെട്ടിവച്ചിട്ടുള്ള തുക എത്ര; ഇതു സംബന്ധിച്ച് തർക്കം നിലനിൽക്കുന്നുണ്ടോ; എങ്കിൽ തർക്കം പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ഇടക്കൊച്ചി പാലത്തിന്റെ വടക്കേയറ്റം മുതൽ പാമ്പാടിമൂല വരെ 2050 മീറ്റർ പൈപ്പ് സ്ഥാപിക്കാനുള്ളതിന്റെ ഒന്നാം ഘട്ടമായ 1050 മീറ്റർ പൈപ്പ് സ്ഥാപിക്കുന്നതിന് 51,17,436/- രൂപയുടെ എസ്റ്റിമേറ്റ് ആണ് പൊതുമരാമത്ത് വകുപ്പ് നൽകിയിട്ടുള്ളത്. മുഴുവൻ തുകയും PWD യിൽ അടച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് തർക്കം ഒന്നും നിലവിലില്ല. അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി ജന്.റം സർക്കിളിനു കീഴിൽ നടപ്പിലാക്കി വരുന്ന 1000 മീറ്റർ 450 എം.എം. DI പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികർക്ക് റോഡ് കട്ടിങിനായി 6,79,300/- രൂപയുടെ എസ്റ്റിമേറ്റാണ് PWD നൽകിയിട്ടുള്ളത്. അതിൽ 38,37,853/- രൂപ ജല അതോറിറ്റി PWD യിൽ അടച്ചിട്ടുണ്ട്. തുടർന്ന് റോഡ് മുറിക്കുന്നതിനുള്ള നിരക്ക് വർദ്ധിച്ചതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് ആവശ്യപ്പെട്ടുകൊണ്ട്. PWD-ക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും മറുപടി ഇതുവരെ ലഭ്യമായിട്ടില്ല. റോഡ് മുറിക്കുന്നതിന് 57,81,000/- രൂപയുടെയുള്ള |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. പുതുക്കിയ നിരക്ക് ലഭിച്ചാൽ അധികമായി വരുന്ന തുക സംബന്ധിച്ച് തീരുമാനമെടുക്കേണ്ടതുണ്ട്. കെട്ടി വച്ച തുക സംബന്ധിച്ച് തർക്കമൊന്നും നിലനിൽക്കുന്നില്ല. |
| (സി) | മഴമൂലം നിർത്തിവച്ച പ്രവൃത്തി പുനരാംരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (സി) | റോഡ് മുറിക്കുന്നതിനുള്ള അനുവാദം ലഭിക്കാത്തതിനാൽ പ്രവൃത്തി തുടങ്ങുവാൻ സാധിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്നും എന്നത്തേക്ക് പൂർത്തികരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ? | (ഡി) | റോഡ് മുറിക്കുന്നതിനുള്ള അനുവാദം ലഭിച്ചു കഴിഞ്ഞാൽ പ്രവൃത്തി ആരംഭിച്ച് 2 മാസത്തിനുള്ളിൽ പൂർത്തീകരിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**